**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഫെസ്റ്റിവൽ ഹബ്ബും നൈറ്റ് ലൈഫ് ടൂറിസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തെ ഫെസ്റ്റിവലുകളുടെ ഹബ്ബാക്കി മാറ്റുന്നതിന് വിനോദസഞ്ചാര വകുപ്പ് മുൻകയ്യെടുത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | നമ്മുടെ നാടിന്റെ സംസ്കാരവും പൈതൃകവും പുറംലോകത്തെ അറിയിക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് വൈവിധ്യങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരത്തെ ഫെസ്റ്റിവലുകളുടെ ഹബ്ബാക്കി മാറ്റുന്നതിന് ഓണാഘോഷം, കേരളീയം, ക്രിസ്തുമസ്-പുതുവത്സരാഘോഷം, ഉത്സവം, നിശാഗന്ധി ഡാൻസ് ഫെസ്റ്റ്, വസന്തോത്സവം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. കൃത്യമായ ഇടവേളകളിൽ ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുകയും നഗരത്തിന് ഉത്സവച്ഛായ പകരുകയുമാണ് ചെയ്യുന്നത്. വൈവിധ്യമാർന്ന പരിപാടികൾ തലസ്ഥാനത്തെ ഫെസ്റ്റിവൽ ഹബ്ബാക്കി മാറ്റിക്കഴിഞ്ഞു. അതോടൊപ്പം തലസ്ഥാനത്ത് നടക്കുന്ന വ്യത്യസ്തങ്ങളായ സാംസ്കാരിക ഫെസ്റ്റുകൾക്ക് പ്രോത്സാഹനം നൽകാനും ടൂറിസം വകുപ്പ് സന്നദ്ധമാകുന്നുണ്ട്. |
| (ബി) | ഓണാഘോഷം, കേരളീയം, ക്രിസ്തുമസ്-പുതുവത്സര ആഘോഷം എന്നീ പരിപാടികൾ വിനോദസഞ്ചാര മേഖലയ്ക്ക് എത്രത്തോളം ഗുണകരമായി മാറിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിന്റെ തനത് സംസ്കാരത്തെ ഉയർത്തിക്കാട്ടുന്ന ആഘോഷങ്ങൾ ടൂറിസം മേഖലയ്ക്ക് വലിയ കുതിപ്പ് സാധ്യമാക്കുന്നുണ്ട്. കോവിഡിന് ശേഷമുള്ള ആഘോഷങ്ങൾ റിവഞ്ച് ടൂറിസത്തിന്റെ പ്രതിഫലനമായി മാറി. ലിഷർ ടൂറിസത്തിന്റെ സാധ്യതകൾ ആണ് ഇപ്പോൾ ആഘോഷങ്ങൾ ഉപയോഗപ്പെടുത്തുന്നത്. വിദേശ സഞ്ചാരികളെയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്ന നിലയിൽ കേരളത്തിലെ ഫെസ്റ്റിവലുകൾ മാറുന്നുണ്ട്. കലാ-സാംസ്കാരിക മേഖലയിലുള്ളവർക്ക് പ്രോത്സാഹനം നൽകാനും ഇത്തരം പരിപാടികളിലൂടെ സാധിക്കുന്നുണ്ട്. സാമ്പത്തിക |

| | | | |
|---|---|---|---|
| | | | മേഖലയ്ക്ക് ഉണർവേകാനും വിപണിയെ സഹായിക്കാനും ഇത്തരം പരിപാടികളിലൂടെ സാധിക്കാറുണ്ട്. |
| (സി) | നൈറ്റ് ലൈഫ് ടൂറിസത്തിനായി നിലവിൽ തെരഞ്ഞെടുത്ത പ്രദേശങ്ങൾക്ക് പുറമെ സംസ്ഥാനത്ത് മറ്റേതൊക്കെ പ്രദേശങ്ങളെയും സ്ട്രീറ്റുകളെയുമാണ് ഇതിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (സി) | ജോലിയുടെ സ്വഭാവവും ജീവിത ക്രമവും മാറിയതോടെ രാത്രി വൈകി കുടുംബത്തോടൊപ്പവും സൗഹൃദങ്ങൾക്കൊപ്പവും പുറത്തിറങ്ങുന്നവർക്ക് മാനസികോല്ലാസം സാധ്യമാക്കുന്ന കേന്ദ്രങ്ങൾ ടൂറിസം വകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് സജ്ജീകരിക്കുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് മാനവീയം വീഥിയെ മികച്ച സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ചു. കനകക്കുന്നിനെയും ശംഖുമുഖത്തെയും ആ നിലയിൽ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കിയും മഹാന്മാരുടെ പ്രതിമകൾ നിലനിൽക്കുന്ന കേന്ദ്രങ്ങൾ ആകർഷകമാക്കിയും തലസ്ഥാന നഗരിയെ കൂടുതൽ സജീവമാക്കാൻ സാധിച്ചു. തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട പാർക്കുകളിലും ഇത്തരം പദ്ധതി പരിഗണനയിൽ ഉണ്ട്. കോഴിക്കോട് നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കാനുള്ള പദ്ധതിയും പരിഗണനയിൽ ഉണ്ട്. |
| (ഡി) | നൈറ്റ് ലൈഫ് ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | ജോലിയുടെ സ്വഭാവവും ജീവിത ക്രമവും മാറിയതോടെ രാത്രി വൈകി കുടുംബത്തോടൊപ്പവും സൗഹൃദങ്ങൾക്കൊപ്പവും പുറത്തിറങ്ങുന്നവർക്ക് മാനസികോല്ലാസം സാധ്യമാക്കുന്ന കേന്ദ്രങ്ങൾ ടൂറിസം വകുപ്പ് വിവിധ വകുപ്പുകളുമായി ചേർന്ന് സജ്ജീകരിക്കുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് മാനവീയം വീഥിയെ മികച്ച സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ചു. കനകക്കുന്നിനെയും ശംഖുമുഖത്തെയും ആ നിലയിൽ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കിയും മഹാന്മാരുടെ പ്രതിമകൾ നിലനിൽക്കുന്ന കേന്ദ്രങ്ങൾ ആകർഷകമാക്കിയും തലസ്ഥാന നഗരിയെ കൂടുതൽ സജീവമാക്കാൻ സാധിച്ചു. തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട പാർക്കുകളിലും ഇത്തരം പദ്ധതി പരിഗണനയിൽ ഉണ്ട്. കോഴിക്കോട് നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കാനുള്ള പദ്ധതിയും പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ